I/77278/2023

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/720/2022-ICDSA1

വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം
തീയതി : 21-01-2023
E-Mail:directorate.wcd@kerala.gov.in
Phone No.0471–2346534

വനിത ശിശു വികസന ഡയറക്ടർ
തിരുവനന്തപുരം

എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
എല്ലാ ശിശുവികസന പദ്ധതി ഓഫീസർമാർക്കും

സർ,

വിഷയം:- വനിത ശിശുവികസന വകുപ്പ് - അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതി - 2022-23 സാമ്പത്തിക വർഷത്തെ തുകയുടെ വിനിയോഗം - അപാകതകൾ പരിഹരിക്കുന്നത് സംബന്ധിച്ച്.

സൂചന:- വനിതശിശുവികസന ഡയറക്ടറുടെ 17/11/2022 തീയതിയിലെ ഇതേ നമ്പർ പരിപത്രം.

അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയിൽ ഉൾപ്പെടുന്ന ഓരോ ഘടകങ്ങൾക്കും വിനിയോഗിക്കുന്ന തുക ഇ-ജീവിക സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതു സംബന്ധിച്ച് സൂചന പ്രകാരം വ്യക്തമായ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. എന്നാൽ അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം തുക ഇ-ജീവിക സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയതിൽ അപാകത വന്നിട്ടുള്ളതായും ആയത് പരിഹരിക്കുന്നതിന് edit option നൽകുവാൻ നിരവധി കാര്യാലയങ്ങളിൽ നിന്നും അഭ്യർത്ഥിച്ചിട്ടുണ്ട്. കാര്യാലയങ്ങളിൽ നിന്നുള്ള അഭ്യർത്ഥന പരിഗണിച്ച് 28/01/2023 3 p. m വരെ edit option അനുവദിക്കുന്നു.

അങ്കണവാടി സർവ്വീസസ്(ജനറൽ) പദ്ധതിയിൽ ഉൾപ്പെടുന്ന ജീവനക്കാരുടെ ശമ്പളം, അങ്കണവാടി പ്രവർത്തകരുടെ കേന്ദ്ര വിഹിതം ഹോണറേറിയം എന്നിവ സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന മാറുന്നതിനാൽ, ടി തുകകൾ PFMS ൽ reimburse ചെയ്യേണ്ടതുണ്ട്. ആകയാൽ ടി പദ്ധതിയിലുൾപ്പെടുത്തി സ്പാർക്ക് സോഫ്റ്റ് വെയർ മുഖേന മാറി വരുന്ന ജീവനക്കാരുടെ ശമ്പള വിവരം, അങ്കണവാടി പ്രവർത്തകരുടെ ഹോണറേറിയം എന്നിവ പ്രോഗ്രാം ഓഫീസ് മുഖേന ശേഖരിക്കുന്നതും, ഇ-ജീവിക സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തുന്നതും തമ്മിൽ യാതൊരു വ്യതിയാനവും ഉണ്ടാകുവാൻ പാടുള്ളതല്ല. ടി പദ്ധതിയിലുൾപ്പെടുത്തി ശമ്പളം മാറി വരുന്ന ജീവനക്കാരുടെ 2022 ഏപ്രിൽ മുതൽ നവംബർ വരെയുള്ള ശമ്പളം പ്രോഗ്രാം ഓഫീസ് മുഖേന ശേഖരിച്ചത് PFMS ൽ reimburse ചെയ്തിട്ടുണ്ട്. ഇ-ജീവിക സോഫ്റ്റ് വെയറിൽ തുകകൾ

DWCD/720/2022-ICDSA1

I/77278/2023

രേഖപ്പെടുത്തുന്നതിൽ അപാകതകൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം ആയത് ബന്ധപ്പെട്ട ജീവനക്കാരന്റെയും, DDO യുടേയും തുല്യ ബാധ്യതയായി കണക്കാക്കി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

വിശ്വസ്തതയോടെ

For വനിത ശിശു വികസന ഡയറക്ടർ